ENTRI

1 Crore User Downloads

# CURRENT AFFAIRS 03 JUNE 2024



## ▷ 2024 ലെ യുവേഫ ചാമ്പ്യൻസ് ലീഗ് ഫുട്ബോൾ കിരീട ജേതാക്കൾ

**റയൽ മാഡ്രിഡ്**

- ഫൈനലിൽ ബൊറൂസിയ ഡോർട്ട്മുണ്ടിനെ എതിരില്ലാത്ത രണ്ട് ഗോളിന് പരാജയപ്പെടുത്തിയാണ് റയൽ മാഡ്രിഡ് ചാമ്പ്യൻസ് ലീഗ് കിരീടം സ്വന്തമാക്കിയത്.
- റയൽ മാഡ്രിഡിന്റെ 15-ാം ചാമ്പ്യൻസ് ലീഗ് കിരീടമാണിത്.

---



വിനീഷ്യസ് ജൂനിയർ

## ▷ രണ്ടു ചാമ്പ്യൻസ് ലീഗ് ഫൈനലിൽ ഗോൾ നേടുന്ന ഏറ്റവും പ്രായം കുറഞ്ഞ താരമെന്ന നേട്ടം സ്വന്തമാക്കിയത്

**വിനീഷ്യസ് ജൂനിയർ**

---



## ▷ 2024 ജൂണിൽ ചന്ദ്രനിൽ വിജയകരമായി ലാൻഡ് ചെയ്ത ചൈനയുടെ പേടകം

**ചാങ് ഇ-6**

- ചന്ദ്രന്റെ മറുപുറത്തുനിന്ന് സാംപിളുകൾ ശേഖരിച്ച് ഭൂമിയിലെത്തിക്കുന്നതിന് 2024 മെയിൽ ചൈന വിജയകരമായി വിക്ഷേപിച്ച ദൗത്യമാണ്  ചാങ് ഇ-6.
- ചൈനയുടെ ആറാമത് ചാന്ദ്ര ദൗത്യമാണ് ചാങ് ഇ-6.
- തെക്കൻ ദ്വീപ് പ്രവിശ്യയായ ഹൈനാനിലെ വെൻചാങ് ബഹിരാകാശവിക്ഷേപണകേന്ദ്രത്തിൽനിന്ന് ലോങ് മാർച്ച്-5 റോക്കറ്റുപയോഗിച്ചായിരുന്നു വിക്ഷേപണം.
- ഭൂമിയിൽനിന്ന് നേരിട്ട് കാണാനാകാത്ത ചാന്ദ്രഭാഗത്തുനിന്ന് സാംപിൾ ശേഖരിക്കുന്നതിനുള്ള ആദ്യ ദൗത്യമാണിത്.

---



നീത കെ.ഗോപാൽ

## ▷ തിരുവനന്തപുരം കാലാവസ്ഥാ കേന്ദ്രത്തിന്റെ ആദ്യ വനിതാ ഡയറക്ടറായി നിയമിതയായത്

**നീത കെ.ഗോപാൽ**

---

## ▷ ഒന്നു മുതൽ എട്ടുവരെ ക്ലാസുകാർക്ക് വിഷയങ്ങൾ സംയോജിപ്പിച്ച്, ഒരു ടേമിൽ ‘ഒരു പുസ്തകവും ഒരു ബുക്കും മാത്രം’ ഏർപ്പെടുത്തിയ സംസ്ഥാനം

**മഹാരാഷ്ട്ര**

---

## ▷ എഐ അടിസ്ഥാനമാക്കിയുള്ള രാജ്യത്തെ ആദ്യ ഫോറസ്റ്റ് ഫയർ ഡിറ്റക്ഷൻ സിസ്റ്റം സ്ഥാപിച്ചത്

**പെഞ്ച് ടൈഗർ റിസർവ് , മഹാരാഷ്ട്ര**

Pench Tiger Reserve MAHARASHTRA